# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിളക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/1249/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/1249/21 തീയ്യതി: 05/07/2022

## കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. അരുൺ കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രാജൻ വി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജയകുമാരിയമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീകുമാർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.അജിമോഹൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.അദബിയ നാസറുദ്ദീൻ | പ്രസിഡന്റ് | 11-11-2020 | 31-03-2021 |
| ശ്രീ.രാജ്കുമാർ | സെക്രട്ടറി | 01-04-2020 | 31-05-2020 |
| ശ്രീ.ജോയ് മോഹൻ | സെക്രട്ടറി | 19-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഭയൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീ.ശശികുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീ.അരുൺ സേവ്യർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഞ്ജു ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ടിന്റു സോമൻ ജോൺ | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ശ്രീകുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.ജിജി ഗോപാൽ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.അർജുൻ | വി.ഇ.ഒ | 06-01-2021 | 31-03-2021 |
| ഡോ.ലക്ഷ്മിശ്രീ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീകുമാർ എം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ഫവാസ് എ | MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ബാബു സാമുവേൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ. സന്തോഷ് | വെറ്റിനറി സർജൻ | 01-04-2020 | 10-09-2020 |
| ഡോ. ബിന്നി സാമുവൽ | വെറ്റിനറി സർജൻ | 11-09-2020 | 31-03-2021 |
| ശ്രീമതി. സുലൈജ ബീഗം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-12-2020 |
| ശീമതി. സന്ധ്യ ഒ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-01-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-2 |
| 3 | വാർഷികക്കണക്ക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-7 |
| 9 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-7-1 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് തുക അനുവദിച്ചു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-7-2 |
| 11 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-10 |
| 14 | MGNREGS - മൺകയ്യാല നിർമ്മാണം - അധികനിരക്കിൽ തുക അനുവദിച്ചു.<br>Written By: Rajan.V.D (Senior Grade Auditor, On 09-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-11 |
| 15 | ഒരേ കാലയളവിൽ നിർവഹണം നടത്തിയ ഒരേയിനം പ്രവൃത്തികൾക്ക് വ്യത്യസ്ത ഡേറ്റ ഉപയോഗിച്ച് വേതനം നല്കി.<br>Written By: Rajan.V.D (Senior Grade Auditor, On 10-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-12 |
| 16 | തൊഴിലുറപ്പ് പദ്ധതി-ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.<br>Written By: Rajan.V.D (Senior Grade Auditor, On 09-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-13 |
| 17 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |

| | | |
|---|---|---|
| | Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | |
| 18 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-15 |
| 19 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-16 |
| 20 | കെ.എം.എസ്സ്.സി.എല്ലിൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-17 |
| 21 | ഉദ്ഘാടനച്ചടങ്ങിന് തുക അധികം ചെലവഴിച്ചു-6470 രൂപ നിരാകരിക്കുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-18 |
| 22 | പച്ചക്കറി വിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല-7725 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-19 |
| 23 | റിക്കവറി തുക സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല - അധികം പിൻവലിച്ച 3500/- രൂപ നിരാകരിക്കുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-20 |
| 24 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-21 |
| 25 | വീട് വാസയോഗ്യമാക്കൽ-പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-22 |
| 26 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു.<br>Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-23 |
| 27 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-24 |
| 28 | വാണിജ്യസ്ഥാപനത്തിന്റെ നികുതി നിർണ്ണയം സംബന്ധിച്ച്<br>Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-25 |
| 29 | വയോജനങ്ങൾക്ക് കട്ടിൽ - വിതരണ രേഖകളില്ല. -31750/-രൂപ തടസപ്പെടുത്തുന്നു<br>Written By: Arun Kumar A (Asst. Audit Officer, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-26 |
| 30 | പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു<br>Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-27 |
| 31 | മഴക്കാലപൂർവ്വ ശുചീകരണം-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-28 |
| 32 | രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021) | 1-29 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 18-06-2022) | |
| 33 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നമ്പർ ഇട്ടതിനുശേഷം പാർക്കിംഗ് സൗകര്യം കെട്ടിയടച്ച് മറ്റ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു<br>Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-06-2022) | 1-30 |
| 34 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 9,47,564 രൂപാ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-31 |
| 35 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ, വിതരണം ചെയ്യിട്ടില്ലാത്ത 3 കട്ടിലുകളുടെ വില 9600 രൂപാ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-32 |
| 36 | തെരുവ് വിളക്ക് പരിപാലനം, നിർവ്വഹണത്തിലെ അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-33 |
| 37 | യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-34 |
| 38 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള പൊതുവായ അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-35 |
| 39 | കാലിബാരൽ വില ഈടാക്കിയിട്ടില്ല, 12083/- രൂപയുടെ നഷ്ടം<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-36 |
| 40 | ശ്മശാന നിർമ്മാണം പൂർത്തീകരണത്തിന് ഊർജ്ജിത നടപടികൾ അനിവാര്യം<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | MGNREGS 2020-21 മൺകയ്യാല നിർമ്മാണം - അധികനിരക്കിൽ തുക അനുവദിച്ചത് നിരാകരിക്കുന്നു<br>Written By: Rajan.V.D (Senior Grade Auditor, On 13-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 3-1 |
| 2 | ഉദ്ഘാടനച്ചടങ്ങിന് തുക അധികം ചെലവഴിച്ചു-6,470/- രൂപ നിരാകരിക്കുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 3-2 |
| 3 | തെരുവ് വിളക്ക് പരിപാലനം നിർവ്വഹണത്തിലെ അപാകതകൾ 19330 രൂപാ നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 3-3 |
| 4 | കാലിബാരൽ വില ഈടാക്കിയിട്ടില്ല, 12083/- രൂപയുടെ നഷ്ടം<br>Written By: G.Sajikumar (Audit Officer (HG), On 16-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 3-4 |
| 5 | റിക്കവറി തുക സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല - അധികം പിൻവലിച്ച 3500/- രൂപ നിരാകരിക്കുന്നു.<br>Written By: Naseer S (Computer Assistant, On 20-06-2022)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 3-5 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 13-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 13-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

13.3.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 29.06.2021 | - | - |

### 1-2-1 വാർഷികക്കണക്ക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2020-21 സാമ്പത്തികവർഷത്തെ വാർഷികക്കണക്ക പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ലൈസൻസിനത്തിലുള്ള വരവ് എ.എഫ്.എസ് പ്രകാരം 313400 രൂപയും(അഡ്വാൻസ് ഉൾപ്പെടെ)രജിസ്റ്റർ പ്രകാരം 307400 രൂപയുമാണ്.

2. ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വരവ് -ചെലവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ബി-7 ഷെഡ്യൂളിലെ-Auction Deposit ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.രജിസ്റ്റർ പ്രകാരം 0 ബാലൻസും എ.എഫ്.എസ് പ്രകാരം 124248 രൂപയുമാണ്.

5. ബാലൻസ് ഷീറ്റിൽ B-12 ഷെഡ്യൂളിൽഉൾപ്പെട്ടിട്ടുള്ള 1000/- രൂപ ഇൻവെസ്റ്റ്മെൻറ് ഇക്വിറ്റി ഷെയേഴ്സ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. കേന്ദ്രാവിഷ്കൃത ഫണ്ടുകളായ റ്റി.എസ്.സി, ഐ.സി.ഡി.എസ് എന്നിവയുടെ വരവ് ,നീക്കിയിരുപ്പ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ വാർഷികക്കണക്കിൽ ഉൾപ്പെട്ട തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

8. വസ്തുനികുതി- അരിയർ, ഡിമാൻഡ്, കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. ഷെഡ്യൂൾ ബി-11(a) പ്രകാരം 4560912രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ ഉൾപ്പെട്ടതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

11. ആവണീശ്വരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കാലാവധി കഴിഞ്ഞ പണമാക്കാത്ത ചെക്കുകൾ ഉൾപ്പെട്ടിട്ടുള്ളത് ബാലൻസ് ഷീറ്റിൽ Liability In Respect Of Stale Cheque ആയി ഉൾപ്പെട്ടിട്ടില്ല.

| തുക | ചെക്ക് നം/തീയതി |
|---|---|
| 1100/- | 024079/10.2.2020 |
| 11812/- | 024448/31.3.2020 |
| 48/- | 024123/17.3.2020 |

12. ഷെഡ്യൂൾ- ബി-18 ൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

13. B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുൻകൂർ വരവ് തുകകളുടെ കൃത്യത – Property Tax On Residential Buildings, Slaughter House Receipts പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

14. RP-40(b)-സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ(ടോട്ടൽ സാനിറ്റേഷൻ) നീക്കിയിരുപ്പ് തുക 4353201 രൂപയാണ്.എന്നാൽ ബി-4 ഷെഡ്യൂളിൽ ടിയിനത്തിൽ 1020824 രൂപ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

15. പെർമിറ്റ് ഫീ റഗുലറൈസേഷൻ ഫീയിനത്തിലുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

16. ക്ഷേമപദ്ധതികൾക്ക് ലഭിച്ച തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

17. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ – എല്ലാ ഇനങ്ങളുടെയും വിനിയോഗ വിവരം ലഭ്യമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43540433 |
| വരവ് | 95762996 |
| ആകെ | 139303429 |
| ചെലവ് | 120790305 |
| നീക്കിയിരിപ്പ് | 18513124 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിക്കുന്ന തുക | 49601 |
| തടസ്സപ്പെടുത്തിയ തുക | 1452639 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | കൃ ബിൽ |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 22880250 | 22880250 | 22867046 | 13204 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 7771000 | 7771000 | 5020569 | 2750431 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 143000 | 143000 | - | 143000 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 12017000 | 12017000 | 11048168 | 968832 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 6717364 | 6717364 | 6392540 | 324824 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | | - | 892000 | 892000 | 963293 | 7956707 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) (ACR പ്രകാരം) | | - | 20234619 | 20234619 | 10907795 | 9326824 | |
| സാക്ഷരത | | 91105 | 3863 | 94968 | - | 94968 | |
| SSA | | 7816 | 313 | 8129 | - | 8129 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19409 | 684300 | 703709 | 700163 | 3546 | |
| ICDS | | 849125 | 988919 | 1838044 | 796838 | 1041206 | |
| TSC | | 961500 | 259324 | 1220824 | 200000 | 1020824 | |
| സംസ്ഥാനാവിഷ്കൃതം | | | | | | | |
| ശുചിത്വമിഷൻ | | 846184 | 3132377 | 3978561 | - | 3978561 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 300 | 234902982 | 263 | 72920321 | - | 37 | 87.66% |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19409 | 684300 | 703709 | 700163 | 3546 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 71375247 | 71375247 | 71375247 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 146160 | 104 |
| കർഷകതൊഴിലാളി പെൻഷൻ | 6106000 | 336 |
| വിധവാപെൻഷൻ | 29240600 | 1608 |
| വാർദ്ധക്യകാലപെൻഷൻ | 45901900 | 2701 |
| വികലാംഗപെൻഷൻ | 8011900 | 425 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 720500 | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 | 12 |

## 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും പെൻഷനറുടെ മരണ ശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2020-21 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|
| ഗോപാലൻ ആചാരി | വാർദ്ധക്യകാല പെൻഷൻ | 103230200314 | 12.6.2020 | 7/20-3/21 | 13800 |
| ശാന്തമ്മ | വാർദ്ധക്യകാല പെൻഷൻ | 103230201562 | 26.7.20 | 8/20 മുതൽ നാളിതുവരെ | 8400 |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ

19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക 22200 /- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7-2 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് തുക അനുവദിച്ചു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിലേക്ക് തുക അനുവദിച്ചതായി കാണുന്നു. പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ പെൻഷണറുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനർഹമായി അനുവദിച്ച തുക സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.9.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32382/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ഡി.&ഒ. ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, അനുബന്ധ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പ്രാപ്തമാക്കുന്നതിനുമായി താരതമ്യേന മെച്ചപ്പെട്ട ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. റോഡ് കണക്ടിവിറ്റി പ്ലാൻ, കാലികമല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷണർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്യുകാണുന്നു. ബാങ്ക് മുഖേനയും അക്കൗണ്ടിലൂടെയും ഇത്തരത്തിൽ ക്രമരഹിതമായി പണം നൽകിയതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-3-21 | 1.4.2020 മുതൽ 31.12.2020 വരെ | 19.3.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.3.2016 | 2011-12 മുതൽ 2015-16 വരെ | 28.3.2017 |

1-11 MGNREGS - മൺകയ്യാല നിർമ്മാണം - അധികനിരക്കിൽ തുക അനുവദിച്ചു.

'മൺകയ്യാല നിർമ്മാണം' എന്ന പദ്ധതി നിർവഹണത്തിന്റെ ഫയലുകൾ പരിശോധിച്ചതിൽ അധിക നിരക്കിൽ തുക അനുവദിച്ചിട്ടുള്ളതായി കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് ടി. എസ്. നമ്പർ/തീയതി | എം ബുക്ക് നം | അടങ്കൽ തുക | ആകെ ചെലവ് തുക | അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് (M3) | *വേജസ് ഇനത്തിൽ അനുവദിച്ച തുക(എം.3 -ന് 174.399 രൂപ നിരക്കിൽ) | അനുവദനീയമായ തുക (എം.3 -ന് 169.054 രൂപ നിരക്കിൽ) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|---|---|
| 1 | അമ്പലപ്പുറം ഭാഗം ഖണ്ഡിക 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം (WC397150) 1613009006/2020-21 /221509/TS ,24.07.2020 | 215/20-21 | 192600 | 160500 | 878.26 | 152775 | 148473 | 4302 |
| 2 | മനക്കര ഭാഗം ഖണ്ഡിക 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം(WC397166) 1613009006/2020-21 /219641/TS, 24.07.2021 | 219/20-21 | 177200 | 146700 | 801.36 | 139389 | 135473 | 3916 |

Detailed Estimate പ്രകാരം ക്യൂബിക് മീറ്ററിന് 204.374/-രൂപയാണ് നിശ്ചയിച്ചത്. ഡേറ്റ പ്രകാരമുള്ള Bhisti, Hire Charges For Diesel Road Roller, Chowkidar, Diesel Oil, Solvent, Sundries എന്നീ ഇനങ്ങൾ മൺകയ്യാല നിർമ്മാണത്തിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ M3 ന് 35.32/- കുറയ്ക്കേണ്ടതിന് പകരം 29.975/- രൂപ മാത്രമാണ് കുറവ് വരുത്തിയത്. M3 ന് 169.054/- രൂപയാണ് അനുവദനീയം. അധികനിരക്കിൽ തുക അനുവദിച്ച് നല്കിയ സാഹചര്യത്തിൽ മേൽപ്രവൃത്തികളിൽ ആകെ 8218/-രൂപ നഷ്ടമായിട്ടുണ്ട്. അധികമായി ചെലവഴിച്ച തുക നിരാകരിക്കുന്നു. ക്രമവിരുദ്ധമായി അന്തിമബിൽ അംഗീകരിച്ച് നല്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

ആകെ അധികം നല്കിയ തുക - 8218/-രൂപ

ഓഡിറ്റ് അന്വേഷണം -05/20-21;09.09.2021

* മസ്റ്റർ റോൾ പ്രകാരം അന്തിമമാക്കി നല്കിയ തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

1-12 ഒരേ കാലയളവിൽ നിർവഹണം നടത്തിയ ഒരേയിനം പ്രവൃത്തികൾക്ക് വ്യത്യസ്ത ഡേറ്റ ഉപയോഗിച്ച് വേതനം നല്കി.

ദേശീയതൊഴിലുറപ്പ് പദ്ധതി മുഖേന 2020-21 കാലയളവിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിർവഹണം നടത്തിയ 'മൺകയ്യാല നിർമ്മാണം' എന്ന പദ്ധതിയിൽ മൂന്ന് വ്യത്യസ്ത രീതികളിൽ Detailed Estimate തയാറാക്കി അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് വേതനം അനുവദിച്ച് നല്കിയിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതനം ലഭ്യമാകുക എന്ന അടിസ്ഥാനതത്വം ഇതിനാൽതന്നെ പാലിക്കപ്പെട്ടില്ല. ജില്ലാതലത്തിൽ തയാറാക്കപ്പെടുന്ന സ്റ്റാൻഡേർഡ് ഡേറ്റയുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ

നിർവഹണം.ഒരേയിനത്തിലുള്ള പ്രവൃത്തികൾക്ക് വെവ്വേറെ ഡേറ്റകൾ അനുവദിച്ച സാഹചര്യത്തിൽ ഇതുപയോഗിച്ച് അന്തിമബിൽ തയാറാക്കിയപ്പോൾ പ്രകടമായ വ്യതിയാനം ഉണ്ടായിട്ടുണ്ട്. സുതാര്യവും കൃത്യതയാർന്നതുമായ ഡേറ്റ ഏകീകൃത സ്വഭാവത്തോടെ ആധികാരികമാക്കി നടപ്പാക്കാനുള്ള സാങ്കേതികവൈദഗ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്. പ്രവൃത്തിഫയലുകൾ പരിശോധിച്ചതിൻപ്രകാരം ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എം ബുക്ക് പ്രകാരം ചെയ്ത അളവ് (M3) | ഡേറ്റ പ്രകാരമുള്ള നിരക്ക്/m3(രൂ) | അനുവദിച്ച നിരക്ക് – തുക |
|---|---|---|---|---|
| 1 | അമ്പലപ്പുറം ഭാഗം ഖ 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം -M Book215/20-21 | 878.26 | 201.053 | 174.399/m3 – 152775/-രൂ |
| 2 | മനക്കര ഭാഗം ഖ 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം- M Book 219/20-21 | 801.36 | 201.053 | 174.399/m3 139389/-രൂ |
| 3 | മൊട്ടക്കുന്നിൽ ഭാഗം ഖ 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം-M Book -296/20-21 | 965.35 | 169.053 | 169.054/m3 – 162669/-രൂ |
| 4 | ആശ്രമം ഭാഗം ഖ 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം-M Book -104/20-21 | 945.77 | 106.506 | 106.506/m3 – 100395/-രൂ |
| 5 | പന്ത്രണ്ടേക്കർ ഭാഗം ഖ 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം-M Book -155/20-21 | 949.85 | 106.506 | 106.506/m3 – 100686/-രൂ |

1-13 തൊഴിലുറപ്പ് പദ്ധതി-ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

2020-21 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 39,59,62,053/- രൂപ വകയിരുത്തി 677150 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻപ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 204841 തൊഴിൽ ദിനങ്ങൾ(30.2%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. 7,27,92,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വകയിരുത്തിയ അടങ്കൽ തുകയുടെ 18.4%മാണ്. 100 ദിനം തൊഴിൽ ചെയ്ത കുടുംബങ്ങളുടെ എണ്ണം 1370 ആണ്. നടപ്പാക്കാൻ കഴിഞ്ഞ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം | നടപ്പിലാക്കിയതിന്റെ %കണക്ക്. |
|---|---|---|---|---|
| 1. | മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ | 716 | 423 | 59% |
| 2. | വ്യക്തിഗത പ്രവൃത്തികൾ | 282 | 55 | 19.5% |
| 3. | റോഡ് കോൺക്രീറ്റ് | 60 | 4 | 6% |
| 4. | കനാൽ പ്രവൃത്തികൾ | 11 | 11 | 100 % |
| 5. | ഫലവൃക്ഷം നടീൽ | 40 | 23 | 57.5% |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

1-14 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും

അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ റൂൾ 2 (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഫീസ് ഈടാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം 401 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2020-21 വർഷം മിക്ക സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് നേടിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.<br>ഫണ്ടിനം. | ഹോംകോയ്ക്ക് നൽകിയ തുക | ആകെ ലഭിച്ച മരുന്നുകൾ | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|
| 44/21<br>ആകെ അടങ്കൽ<br>3,00,000/-മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 3,00,000/-<br>ബിൽ.നം-1/2.2.21 | 49314/-<br>(ഇൻവോയിസ്.നം.-<br>എൽ.എഫ്-<br>280/20.5.21 | 2,50,686/- |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഹോംകോയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി –3 /2021 തീയതി-9-9-2021

## 1-16 ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ ഔഷധിക്ക് തുക മുൻകൂർ ആയി ഒടുക്കിയെങ്കിലും മരുന്നുകൾപൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിവരം | പ്രോജക്ടിന്റെ വിവരങ്ങൾ | ഒടുക്കിയ തുക (രൂപ) | ലഭ്യമാക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ മൂല്യം (രൂപ) |
|---|---|---|---|
| സെക്രട്ടറി | പ്രോജക്ട് നം. 5/21<br>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ,<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം)<br>അടങ്കൽ 500,000/- | 5,00,000-<br>ബിൽ നം. 27/21<br>തീയതി 20.01.21 | 37569 |
| സെക്രട്ടറി | പ്രോജക്ട് നം. 6/21<br>വൃദ്ധജനാരോഗ്യം | 2,00,000/- | 14761 |

| | | | |
|---|---|---|---|
| | മെയിന്റനൻസ് ഫണ്ട് (റോഡിതരം)<br>അടങ്കൽ 200,000/ | ബിൽ നം. 26/21<br>തീയതി 20.01.21 | |
| സെക്രട്ടറി | പ്രോജക്ട് നം. 7/21<br>പകർച്ചവ്യാധി പ്രതിരോധം.<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം)<br>അടങ്കൽ 100,000/ | 1,00,000/-<br>ബിൽ നം. 25/21<br>തീയതി 20.01.21 | 19354 |
| ആകെ | | | 71684 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്, വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കണമെന്നറിയിച്ച് ഔഷധിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന - 71,684/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 18/14.9.21

## 1-17 കെ.എം.എസ്സ്.സി.എല്ലിൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച് .സി ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., ഫണ്ടിനം. | KMSCL ന് നൽകിയ തുക | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|
| പ്രോജക്ട് നം.73/21<br>ആകെ അടങ്കൽ -<br>20,00,000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്<br>ആകെ ചിലവ് - 20,00,000/- | 76,713/- (ബിൽ.നം-14/21-7-20)<br>93,044/- (ബിൽ.നം-/10.08.20)<br>77,534/- (ബിൽ നം. 26/9.10.20)<br>10,00,000/- (ബിൽ നം. 28/9.10.20)<br>1,58,065/- (ബിൽ നം. 37/9.12.20)<br>99,186/- (ബിൽ നം. 44/12.01.21)<br>3,00,004/- (ബിൽ നം. 50/19.3.21) | 2,27,920/- |
| 39/21 പാലിയേറ്റീവ് കെയർ<br>ആകെ അടങ്കൽ -<br>8,00,000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്<br>ആകെ ചിലവ് - 7,65,000/- | 1,95,454/- (ബിൽ നം.52/24.3.21)<br>1,80,000/- (ബിൽ നം.46/2.2.21) | 1,55,785/- |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് KMSCL നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി –2 /2021 തീയതി-9-9-2021

1-18 ഉദ്ഘാടനച്ചടങ്ങിന് തുക അധികം ചെലവഴിച്ചു-6470 രൂപ നിരാകരിക്കുന്നു.

വിളക്കുടി കൃഷി ഭവന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ചടങ്ങിനായി ചുവടെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവഴിച്ച തുക | ചെക്ക് നം./തീയതി |
|---|---|---|
| പന്തൽ,കസേര | 6750 | 24872/22.7.2020 |
| ഫോട്ടോ | 5000 | 24873/22.7.2020 |
| ഭക്ഷണം | 4720 | 25050/23.7.2020 |

ജി.ഒ(ആർ.ടി)3866/2015.തസ്വഭവ തീയതി 28.12.2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടന ചടങ്ങിന് പരമാവധി 10000 രൂപയും തനതുഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉദ്ഘാടനത്തിന്റെ നോട്ടീസ് ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ഉദ്ഘാടനം നിർവ്വഹിച്ചത് ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ ആണ്. കൂടാതെ ചെലവഴിച്ച തുകയിൽ 6750/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കേണ്ടതും സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവഴിച്ച 6470/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 14/13.9.21
നിരാകരിക്കുന്ന തുക – 6470/- രൂപ

1-19 പച്ചക്കറി വിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല-7725 രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 2000766/7.10.2020

കോവിഡ് രോഗ പശ്ചാത്തലത്തിൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുന്നതിനായി 7,725/- രൂപ ചെലവഴിച്ചു. കോട്ടുക്കൽ കൃഷിഫാമിൽനിന്നും പച്ചക്കറിവിത്തുകൾ വാങ്ങുന്നതിനായി ചെക്ക് നം. 25767/6.10.2020 പ്രകാരം 7,725/- രൂപ സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, അഞ്ചലിന് നൽകിയിട്ടുണ്ട് (പച്ചക്കറി വിത്ത് പായ്ക്കറ്റ് – 700 എണ്ണം 10/- രൂപ നിരക്കിൽ 7,000/- രൂപ, ചീരവിത്ത്-500 ഗ്രാം 725/- രൂപ നിരക്കിലും). വാങ്ങിയ പച്ചക്കറിവിത്തുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിതരണരേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 7,725/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 19/14.9.2021
തടസ്സപ്പെടുത്തിയ തുക – 7,725/- രൂപ

1-20 റിക്കവറി തുക സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല - അധികം പിൻവലിച്ച 3500/- രൂപ നിരാകരിക്കുന്നു.

പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വിവിധ സ്ഥാപനങ്ങളിലേക്ക് ഒടുക്കേണ്ട റിക്കവറി നടത്തിയ തുക ഡി.ഡി എടുക്കുന്നതിനായി പിൻവലിക്കുന്നുണ്ടെങ്കിലും ആയത് സ്ഥാപനത്തിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| മാസം | ജീവനക്കാരന്റെ പേര് | പിൻവലിച്ച തുക | ചെക്ക് നം./തീയതി | ഒടുക്കേണ്ട സ്ഥാപനം |
|---|---|---|---|---|
| 3/2020 | ശ്രീ.ജോയി | 3500 | 2936336/3.4.2020 | കൊല്ലം ജില്ലാ സഹകരണബാങ്ക്, |

| | | | | |
|---|---|---|---|---|
| | | | | കുന്നിക്കോട് |
| | | 6000 | 2936336/3.4.2020 | കെ.എസ്.എഫ്.ഇ, കുന്നിക്കോട് |
| | ശ്രീ. സന്തോഷ് കുമാർ | 2500 | 2936338/3.4.2020 | കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| | ശ്രീ. സാംകുട്ടി | 3500 | 24495/17.4.2020 | കെ.എസ്.എഫ്.ഇ.പത്തനാപുരം |
| 4/2020 | ശ്രീ. ജോയി | 3500 | 2936345/21.5.2020 | കൊല്ലം ജില്ലാ സഹകരണബാങ്ക്, കുന്നിക്കോട് |
| | | 6000 | 2936344/21.5.2020 | കെ.എസ്.എഫ്.ഇ, കുന്നിക്കോട് |
| | ശ്രീ. സന്തോഷ് കുമാർ | 2500 | 2936346/21.5.2020 | കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 6/2020 | ശ്രീ. ജോയി | 3500 | 024826/2.7.2020 | കൊല്ലം ജില്ലാ സഹകരണബാങ്ക്, കുന്നിക്കോട് |
| | | 6000 | 024826/2.7.2020 | കെ.എസ്.എഫ്.ഇ, കുന്നിക്കോട് |
| | ശ്രീ. സന്തോഷ് കുമാർ | 2500 | 024826/2.7.2020 | കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |

തുക സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ശ്രീ. സാംകുട്ടി, അക്കൗണ്ടന്റിന്റെ ജനവരി 2020 ലെ കെ.എസ്.എഫ്.ഇ റിക്കവറി ഇൻസ്റ്റാൾമെന്റ് തുകയായ 3500 രൂപയുടെ ചെക്ക് (ചെക്ക് നം. 2926963/5.2.2020)ക്രഡിറ്റാകാതെ വന്നതുമൂലം പകരം തുക നൽകുന്നതിനായി 24495/17.4.2020 പ്രകാരം 3500/- പിൻവലിച്ചു. എന്നാൽ ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ 2926963-ാം നം. ചെക്ക് പണമാക്കി മാറ്റിയിട്ടുണ്ട്. ഒരേ ആവശ്യത്തിനായി രണ്ടുതവണ തുക പിൻവലിക്കാനുള്ള സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നം. 19/14.9.2021

നിരാകരിച്ച തുക – 3500/- രൂപ

## 1-21 സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈക്കോ സൂപ്പർമാർക്കറ്റ്, കുന്നിക്കോട് | I &II |
| 2 | സെൻട്രൽ ബാങ്ക് ഓഫ്ഇൻഡ്യ, കുന്നിക്കോട് | I &II |
| 3 | കെ.എസ്.ഇ.ബി, വിളക്കുടി | I &II |
| 4 | റേഷൻ സബ് ഡിപ്പോ(സപ്ലൈക്കോ) | I &II |
| 5 | എസ്.ബി.ഐ, കുന്നിക്കോട് | II |
| 6 | ഇളമ്പൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I &II |
| 7 | തോമസ് വൈദ്യൻ മെമ്മോറിയൽ ഹോസ്പിറ്റൽ, ഇളമ്പൽ | I |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, കുന്നിക്കോട് | II |
| 9 | പോപ്പുലർ മോട്ടോർ വേൾഡ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 10 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുന്നിക്കോട് | I |
| 11 | സാരഥി മോട്ടോഴ്സ്, ഇളമ്പൽ | I &II |
| 12 | തെറ്റിക്കുഴി ഹോസ്പിറ്റൽ, കുന്നിക്കോട് | I &II |
| 13 | സാരഥി ഓട്ടോകാർസ്, ഇളമ്പൽ | I &II |

| | | |
|---|---|---|
| 14 | ബി.എസ്.എൻ.എൽ, കുന്നിക്കോട് | I &II |
| 15 | കൽപ്പക ഹോസ്പിറ്റൽ, കുന്നിക്കോട് | I &II |
| 16 | ആശാ ഫൈനാൻസിയേഴ്സ് | I &II |
| 17 | ആവണീശ്വരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കുന്നിക്കോട് | II |
| | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഇളമ്പൽ | I |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിനുമേലും തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്.

1-22 വീട് വാസയോഗ്യമാക്കൽ-പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല.

പ്രോജക്ട് – വീട് വാസയോഗ്യമാക്കൽ, പട്ടികജാതി

പ്രോജക്ട് നമ്പർ – 35/20-21

അടങ്കൽ – 10,00000/-(വികസന ഫണ്ട്, എസ്.സി.പി )

ചെലവ് - 200000/- എസ്.സി.പി

ഈ പദ്ധതി പ്രകാരം വീട് വാസയോഗ്യമാക്കാൻ ആദ്യ ഗഡു ആയി 25,000/- രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പേര് | തുക നൽകിയ വിവരം |
|---|---|---|
| 1) | രഘു, രതീഷ് ഭവൻ, കാര്യറ.(വാർഡ്-6) | ബിൽ നമ്പർ – 17/26 2-21 |
| 2 | ജലജാമണി, താങ്ങുവിള വീട് (വാർഡ്-10) | ബിൽ നമ്പർ – 17/26 2-21 |

വിശദീകരണം ആരാഞ്ഞ്നൽകിയ എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താക്കൾ നിലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കിതുക ഉടൻ തന്നെ നൽകുവാൻ സാധിക്കുന്നതാണ് എന്ന് വി.ഇ.ഒ മറുപടി നൽകി. പണി പൂർത്തിയാക്കി, വാല്യുവേഷൻ പ്രകാരം ബാക്കി തുക നൽകി, രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/27.7.21

1-23 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. 2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതി വർദ്ധനവ് വരുത്തേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്തെ റോഡുകളെ ഇനം തിരിച്ച് 17-12.2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി @ 50/m$^2$ | 20 % നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക | റോഡിന്റെ വിവരം |
|---|---|---|---|---|---|---|---|
| 1 | 2 | 977 | നടരാജൻ | 56.82 | 397 | 78 | കുന്നിക്കോട്- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ടി | | | | പത്തനാപുരം |
| 2 | 2 | 978 | നടരാജൻ ടി | 90.04 | 4502 | 860 | ,, |
| 3 | 2 | 979 | നടരാജൻ ടി | 51.98 | 363 | 72 | ,, |
| 4 | 2 | 980 | നടരാജൻ ടി | 64.53 | 451 | 90 | ,, |
| 5 | 2 | 981 | നടരാജൻ ടി | 38.90 | 272 | 54 | ,, |
| 6 | 2 | 982 | നടരാജൻ ടി | 28.84 | 201 | 40 | ,, |
| 7 | 2 | 983 | നടരാജൻ ടി | 24.76 | 173 | 34 | ,, |
| 8 | 2 | 984 | നടരാജൻ ടി | 24.97 | 174 | 34 | ,, |
| 9 | 2 | 985 | നടരാജൻ ടി | 40.88 | 286 | 56 | ,, |
| 10 | 2 | 887 | നവാസ്-നിഷ | 42.53 | 297 | 58 | ,, |
| 11 | 2 | 888 | നവാസ്-നിഷ | 19.4 | 970 | 194 | ,, |
| 12 | 2 | 889 | നവാസ്-നിഷ | 19.4 | 970 | 194 | ,, |
| 13 | 2 | 890 | നവാസ്-നിഷ | 19.4 | 970 | 194 | ,, |
| 14 | 2 | 891 | നവാസ്-നിഷ | 19.4 | 970 | 194 | ,, |
| 15 | 2 | 892 | നവാസ്-നിഷ | 20.76 | 1038 | 206 | ,, |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും എൻക്വയറിയ്ക്ക് (എൻക്വയറി 11) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-24 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ താഴെകൊടുക്കുന്നു.

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2016-17 | 6,000/- |
| 2 | 2017-18 | 20,300/- |
| 3 | 2018-19 | 1,43,248/- |
| 4 | 2019-20 | 24,615/- |
| 5 | 2020-21 | 42,498/- |

| | | |
|---|---|---|
| | ആകെ | 2,36,661/- |

ടി തുക ഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 വാണിജ്യസ്ഥാപനത്തിന്റെ നികുതി നിർണ്ണയം സംബന്ധിച്ച്

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വാർഡ് നമ്പർ 2 ലെ 390-ാം നമ്പർ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത് ഇതര വ്യവസായത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയാണ്. 56ച.മി വിസ്തീർണ്ണമുള്ള ടി കെട്ടിടം കാർ വാഷ് സെന്റർ നടത്തുന്നതിനായാണ് സ്ഥാപിച്ചിരിക്കുന്നതെന്നാണ് ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടി കെട്ടിടത്തിൽ സിമന്റ്, കമ്പി, മറ്റ് കെട്ടിടനിർമ്മാണ സാധനങ്ങൾ വിൽക്കുന്ന അയുബ് ട്രേഡേഴ്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതിനാണ് ലൈസൻസ് നൽകിയിരിക്കുന്നത്. വാണിജ്യസ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനായി പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഓഡിറ്റ് എൻക്വയറി -10 നൽകിയിരുന്നു. വാണിജ്യസ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനായി പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണെന്ന് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. പുതിയ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

1-26 വയോജനങ്ങൾക്ക് കട്ടിൽ - വിതരണ രേഖകളില്ല. -31750/-രൂപ തടസപ്പെടുത്തുന്നു

പ്രോജക്ട് നം. – 238/21 Spill Over – വയോജനങ്ങൾക്ക് കട്ടിൽ

ആകെ അടകൽ - 1,90,500/- [ വികസന ഫണ്ട് എസ്.സി.പി. ]

ആകെ ചിലവ് - 1,90,500/-

ബിൽ/തുക – 3/17.4.2020 – 1,90,500/-

നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി.

മേൽ പ്രസ്താവിത പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം 1,90,500/- രൂപ ചെലവാക്കി ഷാലോം വുഡ് ക്രാഫ്റ്റിംഗ് ഫർണീച്ചർ, കുമ്പളം പൊയ്ക എന്ന സ്ഥാപനത്തിൽ നിന്ന് യൂണിറ്റ് ഒന്നിന് 3,175/- രൂപ നിരക്കിൽ (ഒരു യൂണിറ്റ് = 1 കട്ടിൽ) 60 കട്ടിൽ വാങ്ങി. എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 50 കട്ടിലുകൾ മാത്രമേ വിതരണം നടത്തിയതായി കാണുന്നുള്ളു. (വിതരണ രജിസ്റ്റർ പേജ്നം. 42 മുതൽ 46 വരെ) ശേഷിക്കുന്ന 10 കട്ടിലുകളുടെ വിതരണ വിവരം ലഭ്യമാക്കണം എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിതരണ വിവരം ലഭ്യമല്ലാത്ത 10 കട്ടിലുകളുടെ വിലയായ 31750 രൂപ (3175x10) തടസത്തിൽ വയ്ക്കുന്നു. വിതരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4 തീയതി.9.9.21

തടസ്സപ്പെടുത്തുന്ന തുക – 31,750/- രൂപ

1-27 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവ് നൽകി. 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതും പ്രഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ലയെന്നും, ദ്വീതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നമാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് 17-12.2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് വിജ്ഞാപനപ്രകാരം പ്രഥമിക മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്കും ദ്വീതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി 10 ശതമാനം നികുതിയിളവ് നൽകുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മീ | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 % കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക |
|---|---|---|---|---|---|---|
| 1 | 17 | 802 | അജികുമാർ | 91 | 5460 | 546 |
| 2 | 17 | 804 | ജോൺസൺ | 50.89 | 3053 | 305 |
| 3 | 17 | 805 | ജോൺസൺ | 21.81 | 1308 | 130 |
| 4 | 17 | 806 | ജോൺസൺ | 62.31 | 3738 | 373 |
| 5 | 17 | 807 | ജോൺസൺ | 26.70 | 1602 | 160 |
| 6 | 2 | 963 | റിഗോ ടി.ബി/ജ്യോതിമോൾ | 41.17 | 2470 | 247 |
| 7 | 2 | 964 | റിഗോ ടി.ബി/ജ്യോതിമോൾ | 17.59 | 1055 | 105 |
| 8 | 2 | 965 | റിഗോ ടി.ബി/ജ്യോതിമോൾ | 18.7 | 1122 | 112 |
| 9 | 2 | 966 | റിഗോ ടി.ബി/ജ്യോതിമോൾ | 22.47 | 1348 | 134 |
| 9 | 2 | 967 | റിഗോ ടി.ബി/ജ്യോതിമോൾ | 17.59 | 1055 | 105 |
| 10 | 2 | 968 | റിഗോ ടി.ബി/ജ്യോതിമോൾ | 22.3 | 1338 | 133 |
| 11 | 2 | 969 | റിഗോ ടി.ബി/ജ്യോതിമോൾ | 19.9 | 1194 | 119 |
| 12 | 2 | 970 | റിഗോ ടി.ബി/ജ്യോതിമോൾ | 17.59 | 1055 | 105 |
| 13 | 2 | 977 | നടരാജൻ ടി | 56.82 | 397 | 39 |
| 14 | 2 | 978 | നടരാജൻ ടി | 90.04 | 4302 | 430 |
| 15 | 2 | 979 | നടരാജൻ ടി | 51.98 | 363 | 36 |
| 16 | 2 | 980 | നടരാജൻ ടി | 64.53 | 451 | 45 |
| 17 | 2 | 981 | നടരാജൻ ടി | 38.90 | 272 | 27 |
| 18 | 2 | 982 | നടരാജൻ ടി | 28.84 | 201 | 20 |
| 19 | 2 | 983 | നടരാജൻ ടി | 24.76 | 173 | 17 |
| 20 | 2 | 984 | നടരാജൻ ടി | 24.97 | 174 | 17 |
| 21 | 2 | 985 | നടരാജൻ ടി | 40.88 | 286 | 28 |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

1-28 മഴക്കാലപൂർവ്വ ശുചീകരണം-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 3,00,000/-രൂപ ചെക്ക് നം. 29363656/8.6.2020 പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സിയ്ക്ക് നൽകിയിട്ടുണ്ട്. വാർഡൊന്നിന് 15,000/-രൂപ വീതം 20 വാർഡുകളിലേക്ക് അനുവദിച്ച തുകയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. 5,000/- രൂപ തനതുഫണ്ടും 10,000/- രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിൽ തനതുഫണ്ടിൽ നിന്നും മുൻകൂർ തുക അനുവദിച്ചു. ചെലവുരേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 22/15.9.21.

തടസ്സപ്പെടുത്തിയ തുക - 3,00,000/- രൂപ.

### 1-29 രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

ആർദ്രം പദ്ധതി പ്രകാരം കുടുബാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ഡോ.ഷംന ഹമീദിന്റെ വേതന കുടിശ്ശികയിനത്തിൽ 134026/- രൂപ ചെക്ക് നം. 024638/4.5.2020 പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. 2017 നവംബറിൽ ജോലിയിൽ പ്രവേശിച്ച ടിയാൾക്ക് 2017 ഡിസംബർ മുതൽ 2018 ജൂൺ വരെയുള്ള കുടിശ്ശികയാണ് അനുവദിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 28.4.2017 ലെ സ.ഉ(അച്ചടി)നം.56/17.ധന. ഉത്തരവു പ്രകാരം ദിവസവേതന /കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 11/2017ൽ നിയമിക്കപ്പെട്ടയാൾക്ക് പുതുക്കിയ നിരക്കിൽ വേതനം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനും ടിയാന്റെ നിയമനം സംബന്ധിച്ച ഉത്തരവ്, കമ്മിറ്റി തീരുമാനം, കരാർ വച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 134026/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-30 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നമ്പർ ഇട്ടതിനുശേഷം പാർക്കിംഗ് സൗകര്യം കെട്ടിയടച്ച് മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നമ്പർ ഇട്ടതിനുശേഷം പാർക്കിംഗ് സൗകര്യം കെട്ടിയടച്ച് മറ്റു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുവെങ്കിലും ആയതിനുമേൽ യാതൊരു തുടർനടപടിയും സ്വീകരിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) 2-ാം വാർഡിലെ 916 മുതൽ 932 വരെയുള്ള കെട്ടിടങ്ങൾ സലാഹുദീൻ & നിംഷ, നസീറ മൻസിൽ, കുന്നിക്കോട്, ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ പ്രാദേശികപരിശോധനയിൽ ടി കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ കെട്ടി അടച്ച് വാണിജ്യാവശ്യത്തിന് മാറ്റിയതായി ബോധ്യപ്പെട്ടു.

2) 2-ാം വാർഡിലെ 975 കെട്ടിടം രാജൻ ഉമ്മൻ,പനക്കൽ വീട് കരിക്കം, ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ പ്രാദേശികപരിശോധനയിൽ ടി കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ കെട്ടി അടച്ച് വാണിജ്യാവശ്യത്തിന് മാറ്റിയതായി ബോധ്യപ്പെട്ടു.

പാർക്കിംഗ് ഏരിയ കെട്ടിയടച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 23) പാർക്കിംഗ് ഏരിയ കെട്ടിയടച്ചതിനെതിരെ നടപടി സ്വീകരിക്കുമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്

ആയതിന് മേൽ തുടർനടപടി സ്വീകരിച്ച് വിവരമറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-31 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 9,47,564 രൂപാ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള പ്രോജക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക | ബിൽനം/ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | മൂന്നാം വാർഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (210/21)<br>അടങ്കൽ തുക -3,00,000/- (തനത് ഫണ്ട്) | കെ എസ് ഇ. ബി | 3,00,000/- | 2936977, 17-03-2021 |

| | | | | |
|---|---|---|---|---|
| 2 | പോസ്റ്റ് ഷിഫ്റ്റിംഗ് (372/21)<br>അടങ്കൽ തുക -3,00,000/- (തനത് ഫണ്ട്) | കെ എസ് ഇ. ബി | 68,526/-<br>1,39,681/-<br>90,857/- | 2936931, 12-10-20<br>2936942, 11-11-20<br>2028701, 09-03-21 |
| 3 | ജില്ലാ ആസൂത്രണ സമിതി മന്ദിര നിർമ്മാണത്തിന് വിഹിതം നല്കൽ (410/21)<br>അടങ്കൽ തുക – 1,50,000/- (തനത് ഫണ്ട്) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 1,50,000/- | 2936941, 11-11-20 |
| 4 | പത്തൊൻപതാം വാർഡിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (433/21)<br>അടങ്കൽ തുക - 2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കേരളാ വാട്ടർ അതോറിറ്റി | 1,98,500/- | ബിൽ നം-31, തീയതി 10-02-2021 |
| | | ആകെ | 9,47,564/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 9,47,564/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

തടസ്സം - 9,47,564/- രൂപ

ഓഡിറ്റ് അന്വേഷണം - 07/13-09-2021

## 1-32 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ, വിതരണം ചെയ്യാത്തിട്ടില്ലാത്ത 3 കട്ടിലുകലുടെ വില 9600 രൂപാ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നിർവ്വഹണംനടത്തിയിട്ടുള്ള പ്രോജക്ടാണ് വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ (SO225/21). ടി പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എസ് എ ടി, മെഡിടെക്സ്, ഓലകെട്ടിയമ്പലം മാവേലിക്കര, എന്ന സ്ഥാപനം വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയതിൽ കുറഞ്ഞ നിരക്കിൽ ഉപകരണം വിതരണം ചെയ്യാൻ തയ്യാറാകാഞ്ഞതിനാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോട്ടയ്ക്കൽ ടിമ്പേഴ്സ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും 245 കട്ടിലുകൾ 3200 രൂപാ നിരക്കിൽ വാങ്ങി. താഴെക്കൊടുത്തിരിക്കും പ്രകാരം ടി സ്ഥാപനത്തിന് തുക നല്കി.

| ക്ര നം | ബിൽ നം | തുക (രൂപ) |
|---|---|---|
| 1 | 1/20-21, 16-04-20 | 4,64,000/- |
| 2 | 2/20-21, 16-04-20 | 3,20,000/- |
| | ആകെ | 7,84,000/- |

പരിശോധനയ്ക്ക് ലഭ്യമാക്കിയ വിതരണ രജിസ്റ്റർ പ്രകാരം വാങ്ങിയ 245 കട്ടിലുകളിൽ 242 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 3 കട്ടിലുകൾ വിതരണം ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാനും ആയത് ഭൗതിക പരിശോധന നടത്തുന്നതിന് ക്രമീകരണം ചെയ്യുവാനും ആവശ്യപ്പെട്ടുകൊണ്ടും, നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/13-09-2021) നല്കിയ മറുപടിയിൽ ഗുണഭോക്താക്കൾ എത്തിച്ചേരാതിരുന്നതിനാൽ 3 കട്ടിലുകൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ അവയുടെ ഭൗതിക പരിശോധനയ്ക്കാവശ്യമായ ക്രമീകരണം ചെയ്തിട്ടില്ല. ആയതിനാൽ വിതരണം ചെയ്തിട്ടില്ലാത്ത 3 കട്ടിലുകളുടെ വിലയായ 9,600/- രൂപ തടസ്സപ്പെടുത്തുന്നു. കട്ടിലുകൾ വിതരണം നടത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

കൂടാതെ ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരം ഉപകരണം വിതരണം ചെയ്യാൻ തയ്യാറാകാതിരുന്ന എസ്.എ.ടി, മെഡിടെക്സ്, ഓലകെട്ടിയമ്പലം മാവേലിക്കര, എന്ന സ്ഥാപനത്തിൻറെ നിരതദ്രവ്യം (10,658/- രൂപ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

തടസ്സം - 9,600/- രൂപ

ഓഡിറ്റ് അന്വേഷണം നം. 08/13-09-2021

1-33 തെരുവ് വിളക്ക് പരിപാലനം, നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | അടങ്കൽ തുക | ചെലവ് |
|---|---|---|---|
| 1 | തെരുവ് വിളക്ക് വാങ്ങൽ (8/20-21) | 15,60,000/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 15,60,000/- രൂപ |
| 2 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധനം വാങ്ങൽ(12/20-21) | 4,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)<br>83,740/- (തനത് ഫണ്ട്)<br>ആകെ - 4,83,740/- രൂപ | 4,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)<br>82,790/- (തനത് ഫണ്ട്)<br>ആകെ – 4,82,790/- |
| 3 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് വേതനം നല്കൽ (14/20-21) | 40,000/- (തനത് ഫണ്ട്) | 25,938/- രൂപ |
| 4 | തെരുവ് വിളക്ക് വാങ്ങൽ (237/20-21) | 11,55,000/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 11,55,000/- രൂപ |
| 5 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി അടാട്ട് മോഡൽ (412/20-21) | 3,00,000/- (തനത് ഫണ്ട്) | 2,09,000/- രൂപ |

ടി പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെക്കൊടുക്കുന്നു.

1) തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് വേതനം നല്കൽ (14/20-21) എന്ന പ്രോജക്ടിനായി ടെണ്ടർക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. രഞ്ജു. ടി. എസ്, രഞ്ജു നിവാസ്, ഇളവക്കോട്, ചടയമംഗലം എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചു, (നിരക്ക്- എൽ ഇ ഡി ബൾബ് മെയിന്റനൻസ്-95/- രൂപ, ട്യൂബ് മെയിന്റനൻസ്-98/- രൂപ). 2020-21 സാമ്പത്തിക വർഷം മുഴുവൻ ഇതേ നിരക്കിൽ ചെയ്തുകൊള്ളാമെന്ന് ടിയാൻ സമ്മതിച്ചിട്ടുള്ളതാണ്. അടാട്ട് മാതൃകയിലാണ് നിർവ്വഹണം നടത്തിവരുന്നത്. ടി പ്രോജക്ട് പ്രകാരം ടിയാന് 25,938/- രൂപ നല്കുകയും ചെയ്തു.തുടർന്ന് തെരുവ് വിളക്ക് അറ്റകുറ്റപ്പണി അടാട്ട് മോഡൽ (412/20-21) എന്ന പ്രോജക്ടിനായി ടെണ്ടർ ക്ഷണിക്കുകയും ഇതേ പ്രവൃത്തി ചെയ്യുന്നതിന് ഇതേവ്യക്തി തന്നെ നല്കിയിട്ടുള്ള ടെണ്ടർ (നിരക്ക്- എൽ ഇ ഡി ബൾബ്, ട്യൂബ് മെയിൻറൻസ്-100/- രൂപ) അംഗീകരിക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷത്തിൽ ഇതേ പ്രവൃത്തി ചെയ്യുന്നതിനായി സംവിധാനം നിലവിലിരിക്കേ വീണ്ടും ടെണ്ടർ ചെയ്ത് ഉയർന്ന നിരക്ക് ഇതേ വ്യക്തിക്ക് തന്നെ അനുവദിച്ചത് അംഗീകരിക്കുന്നില്ല ഇതുമൂലം പ്രോജക്ട് നമ്പർ 412/20-21 പ്രകാരം ചെലവ് ചെയ്ത തുകയിൽ സ്ഥാപനത്തിന് 10,165/- രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചു. (വിശദ വിവരത്തിന് ഖണ്ഡിക 3-3 കാണുക)

2) തെരുവ് വിളക്ക് വാങ്ങൽ (8/20-21) വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും 2 വർഷ On Site Warranty ഉള്ള 600 24 വാട്ട്സ് എൽ ഇ ഡി ലൈറ്റുകൾ എല്ലാവിധ അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ 2,600/- രൂപ നിരക്കിൽ വാങ്ങി. വിളക്കുടി പഞ്ചായത്തിലെ 20 വാർഡുകളിലും 30 വീതം സ്ഥാപിക്കുന്നതിന് ടി സ്ഥാപനത്തിന് തന്നെ നല്കി. എന്നാൽ 10, 12 വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച വിവരങ്ങൾ

(വാർഡിലെ ജനപ്രതിനിധിയുടെ സാക്ഷ്യപത്രം, സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റിന്റെ വിവരം) ലഭ്യമല്ല. 2 വർഷ കാലയളവിൽ തെരുവ് വിളക്കിന് ഉണ്ടാകുന്ന കേടുപാടുകൾമാറ്റി പുതിയവ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ ടിവിവരങ്ങൾ അനുപേക്ഷണീയമാണ്. ആയതിനാൽ 2 വാർഡുകളിൽ സ്ഥാപിച്ച 60 എണ്ണത്തിൻറെ വിലയായ 2,600x60=1,56,000/- രൂപ തടസ്സപ്പെടുത്തുന്നു.

3) തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധനം വാങ്ങൽ (12/20-21)

എന്ന പ്രോജക്ടിനായി 4,82,790/- രൂപ ചെലവഴിച്ച് താഴെക്കൊടുത്തിട്ടുള്ള ഉപകരണങ്ങൾ വാങ്ങി.

| ക്ര നം | ഇനം | എണ്ണം |
|---|---|---|
| 1 | എൽ .ഇ.ഡി ബൾബ് 15 വാട്ട്സ് | 2600 |
| 2 | ഇൻസുലേഷൻ ടേപ്പ് | 200 |
| 3 | പെൻഡന്റ് ഹോൾഡർ | 2600 |
| 4 | ഇലക്ട്രോണിക് ചോക്ക് | 200 |
| 5 | അലൂമിനിയം ഷീൽഡ് | 500 |
| 6 | അലൂമിനിയം വയർ 2.5 | 20 കോയിൽ |
| 7 | അലൂമിനിയം വയർ 1.5 | 40 കോയിൽ |

തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്കായി വാങ്ങിയ ഉപകരണങ്ങൾതാഴെ കൊടുത്തിരിക്കും പ്രകാരം തല്യമായി എല്ലാ വാർഡുകൾക്കും നല്കി.

| ക്ര നം | ഇനം | എണ്ണം |
|---|---|---|
| 1 | എൽ .ഇ.ഡി ബൾബ് 15 വാട്ട്സ് | 130 |
| 2 | ഇൻസുലേഷൻ ടേപ്പ് | 10 |
| 3 | പെൻഡന്റ് ഹോൾഡർ | 130 |
| 4 | ഇലക്ട്രോണിക് ചോക്ക് | 10 |
| 5 | അലൂമിനിയം ഷീൽഡ് | 25 |
| 6 | അലൂമിനിയം വയർ 2.5 | 1കോയിൽ |
| 7 | അലൂമിനിയം വയർ 1.5 | 2 കോയിൽ |

ടി ഉപകരണങ്ങൾ ആരാണ് കൈപ്പറ്റിയിട്ടുള്ളത് എന്നതു സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വിതരണ രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ ആവശ്യകത പരിഗണിക്കാതെ എല്ലാ വാർഡുകൾക്കും തുല്യമായി ഉപകരണങ്ങൾ വിതരണം ചെയ്തതിൻറെ മാനദണ്ഡവും വ്യക്തമല്ല. നല്കിയ ഉപകരണങ്ങൾ ഉപയോഗിച്ചതിൻറെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാതെയും, ആവശ്യകത പോലും പരിഗണിക്കാതെ ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തുകയും ചെയ്തു. കൂടാതെ വിതരണം നടത്തിയ ഉപകരണങ്ങൾ ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തിയിട്ടുമില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, അടാട്ട് മാതൃക നടപ്പിലാക്കേണ്ടത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ 17-08-2018 ൽ ജി 2/44274/15 ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും, ഉത്തരവിലെ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുമാണ്.

4) തെരുവ് വിളക്ക് അറ്റകുറ്റപ്പണി അടാട്ട് മോഡൽ (412/20-21)

അടങ്കൽ തുക - 3,00,000/- (തനത് ഫണ്ട്)

ചെലവ് - 2,09,000/- രൂപ

അടാട്ട് മോഡൽ പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്ന ഗ്രാമ പഞ്ചായത്തിൽ ടി പ്രോജക്ട് പ്രകാരം അറ്റകുറ്റപ്പണി നടത്തി മാറ്റി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ, ബന്ധപ്പെട്ട വാർഡ് ജന പ്രതിനിധികൾ സാക്ഷ്യപ്പെടുത്തിയ പട്ടിക പരിശോധിച്ചതിൽ താഴെക്കൊടുത്തിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളിൽ 2 വർഷം വാറൻറിയോടെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എൽ ഇ ഡി ബൾബ് സ്ഥാപിച്ച പോസ്റ്റുകളും ഉൾപ്പെടുന്നു. ഇതുമൂലം സ്ഥാപനത്തിന് 9165 രൂപാ അധികം ചെലവഴിക്കേണ്ടിവന്നു (വിശദവിവരത്തിന് ഖണ്ഡിക 3-3 കാണുക). ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

നിരാകരിച്ച തുക – 10,165 + 9,165 = 19,330/- രൂപ

തടസ്സപ്പെടുത്തിയ തുക - 1,56,000/- രൂപ

ഓഡിറ്റ് അന്വേഷണം - 06 /10-09-2021

1-34 യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവപ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കികൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർവച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരക്കേണ്ടതാണ്. താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുള്ളത് നിയമാനുസൃത സമയപരിധിക്ക് ശേഷമാണ്. ഇവരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തി വിവരം | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| 1 | പ്രവൃത്തി - മിമാത്തിക്കുന്ന് കല്ലുംപുറത്ത് റോഡ്<br>കരാറുകാരൻ - ശ്രീ.ടി ഷിഹാബുദ്ദീൻ, ഷംന മൻസിൽ, കുന്നിക്കോട്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി - 14-10-2019<br>കരാർവച്ച തീയതി - 23-10-2019 | 1,56,102/- | 1,561/- |
| 2 | പ്രവൃത്തി - കെ ഐ പി കനാൽ റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ - ശ്രീ. ടി ഷിഹാബുദ്ദീൻ, ഷംന മൻസിൽ, കുന്നിക്കോട്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി - 02-02-20<br>കരാർവച്ച തീയതി - 05-02-20 | 1,77,330/- | 1,773/- |
| 3 | പ്രവൃത്തി - കുന്നിക്കോട് മിമാത്തിക്കുന്ന് കനാൽറോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ - ശ്രീ. ടി ഷിഹാബുദ്ദീൻ, ഷംന മൻസിൽ, കുന്നിക്കോട്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി - 24-10-2019<br>കരാർവച്ച തീയതി - 28-10-2019 | 2,74,973/- | 2,750/- |
| | പ്രവൃത്തി - ചൂരക്കുഴി റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ - ശ്രീ. നിഥിൻ മേനോൻ, കൊട്ടാരത്തിൽ വീട് , വിളക്കുടി<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി - 29-09-2020<br>കരാർവച്ച തീയതി - 06-10-2020 | 3,50,486/- | 3,505/- |
| | | ആകെ | 9,589/- |

യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിവിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 14-09-2021 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16- എ)മറുപടി ലഭ്യമാക്കിയില്ല.

1-35 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള പൊതുവായ അപാകതകൾ

2020-21 സാമ്പത്തിക വർഷങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കാണപ്പെട്ടിട്ടുള്ള പൊതുവായ അപാകതകൾ താഴെക്കൊടുക്കുന്നു.

1) മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ രേഖകൾ യഥാക്രമം ഉൾപ്പെടുത്തിയല്ല പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

2) ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽക്ക് മത്സര സ്വഭാവത്തിലുള്ള ടെണ്ടറുകൾ ലഭിച്ചിട്ടില്ല. മിക്കവാറും

എല്ലാപ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്ക്, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.001% കുറവും രേഖപ്പെടുത്തിയിട്ടുള്ളതുമായ 2 ടെണ്ടറുകൾ വീതമാണ് ലഭിച്ചിട്ടുള്ളത്.കരാറുകാർ തമ്മിലുള്ള ഒത്തുകളി ടെണ്ടർ നടപടികളിൽ ദൃശ്യമാണ്. ഇത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

3) പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നില്ല.

4) റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിനുപകരം 50 മീറ്ററിൽ താഴെയുള്ള നിരവധി പ്രവൃത്തികൾ ചെയ്യുന്നു. പഞ്ചായത്തുതല ആസൂത്രണത്തിനു പകരം വാർഡ്തലത്തിൽ തുകകൾവീതംവയ്ക്കുന്ന പ്രവണത നിലനില്ക്കുന്നു

5) 50,000 രൂപയിൽ താഴെയുള്ള പ്രവൃത്തികളും, സ്കൂൾ, അംഗനവാടി എന്നിവയിലെ പ്രവൃത്തികളും ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിവരുന്നു. ഈ പ്രവൃത്തികളിലൊന്നിലും തന്നെ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ രേഖയിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 13 വകുപ്പിൽ ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

(I) ഗുണഭോക്തൃ സമിതി ഒരു കടലാസ് സംഘടന മാത്രമായി തീരാതിരിക്കുവാനും, കൺവീനർ സ്വന്തം നിലയിൽ ഒരു കരാറുകാരനെപ്പോലെ പ്രവൃത്തിക്കാതിരിക്കുവാനും ഗുണഭോക്തൃ സമിതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ എല്ലാവരും ചേർന്ന് പഞ്ചായത്തുമായി കരാറിലേർപ്പെടേണ്ടതാണ്. ഇപ്രകാരം ഒരു പ്രവൃത്തിയിലും കരാർ ഉണ്ടാക്കിയിട്ടില്ല.
(Ii) മസ്റ്റർ റോൾ ക്രമ പ്രകാരം തയ്യാറാക്കിയിട്ടില്ല.
(Iii) വരവ്-ചെലവു കണക്കുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി, വൗച്ചർ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

(Iv) മിക്ക ഗുണഭോക്തൃ സമിതികളുടേയും പ്രവർത്തനം രൂപീകരണ യോഗത്തിൽ അവസാനിക്കുന്നു.

(V) ഫൈനൽ ബില്ല് ലഭിച്ചതിനു ശേഷം ഗുണഭോക്താക്കളുടെ യോഗം ചേർന്ന് വരവ്- ചെലവ് കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം.

(Vi) പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച് മോണിറ്ററിംഗ് സമിതി ഒരു പ്രവൃത്തിയിലും സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

സുതാര്യമായും, ബിനാമി ഇടപാടുകൾക്ക് ഇട വരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.

മുകളിൽ കൊടുത്തിട്ടുള്ള അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/13-09-2021) അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി. അപാകതകൾ പരിഹരിച്ച് പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ വികസനകാര്യ സ്ഥിരം സമിതിയുടേയും, ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-36 കാലിബാരൽ വില ഈടാക്കിയിട്ടില്ല, 12083/- രൂപയുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ അന്തിമബിൽ നല്കിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിൻറെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ഇതുമൂലം 12,083/- രൂപയുടെ നഷ്ടം സംഭവിച്ചു, വിശദവിവരത്തിന് ഭാഗം 3 കാണുക.

## 1-37 ശ്മശാന നിർമ്മാണം പൂർത്തീകരണത്തിന് ഊർജ്ജിത നടപടികൾ അനിവാര്യം

പ്രോജക്റ്റ് – ശ്മശാന നിർമ്മാണം – S0224/21

അടങ്കൽ തുക

| ഫണ്ടിനം | തുക (രൂപ) |
|---|---|
| വികസനഫണ്ട് | 21,45,400/- |
| സംസ്ഥാനാവിഷ്കൃതം | 20,00,000/- |
| തനത്ഫണ്ട് | 45,600/- |
| മറ്റ് ഗ്രാമ പഞ്ചായത്ത് വിഹിതം | 10,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 20,00,000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000/- |
| ആകെ | 81,91,000/- |

നിർവ്വഹണ ഏജൻസി – സ്റ്റീൽ ഇൻഡസ്ട്രീസ്, കേരളാ ലിമിറ്റഡ്, (സിൽക്ക്) അത്താണി പി ഒ, തൃശ്ശൂർ

വിളക്കുടി പഞ്ചായത്തിൽ ശ്മശാനം നിർമ്മിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ്, കേരളാ ലിമിറ്റഡ്, (സിൽക്ക്) അത്താണി പി. ഒ, തൃശ്ശൂർ എന്ന സ്ഥാപനത്തെ പഞ്ചായത്ത് കമ്മറ്റിയുടെ 13-02-2019 ലെ 16(2) തീരുമാനപ്രകാരം നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തു. ഒന്നാം ഘട്ടമായി 99 മീറ്റർ നീളത്തിൽ റീട്ടയിനിംഗ് വാൾ നിർമ്മിക്കുന്നതിന് (സാങ്കേതികാനുമതി തുക 7500000 രൂപാ) ടി സ്ഥാപനവുമായി 02-03-2019 ൽ 121/AE/LSGD/VP/18-19 ആയി കരാർ വയ്ക്കുകയും ചെയ്തു. 02-03-2019ന് സൈറ്റ്കൈമാറ്റം ചെയ്യപ്പെട്ട ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 3 മാസമാണ്. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിനാൽ 06-06-2019 ൽ ഉപകരാറിൽ ഏർപ്പെടുകയും നിർമ്മാണ കാലാവധി 30-11-2019 വരെ ദീർഘിപ്പിച്ച് നല്കുകയും ചെയ്തു. സിൽക്കിന് താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| | |
|---|---|
| ചെക്ക് നം. 2560128 തീ 29-03-2019 | 16,38,200/- രൂപ |
| ചെക്ക് നം. 3428211, തീ 13-05-2020- | 10,41,157/- രൂപ |
| ഒന്നാം ഭാഗികബില്ലിൽ മുൻകറുകൾ ക്രമീകരിച്ച ശേഷം നല്കിയ തുക | 34,883/- രൂപ |
| ആകെ | 27,14,240/- രൂപ |

ഫയലുകൾ പരിശോധിച്ചതിൽ ഇതുവരെ 48 മീറ്റർ നീളത്തിൽ മാത്രമേ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ. കൂടാതെ ശുചിത്വമിഷൻ 1563/C6/2017/SM കത്തുപ്രകാരം സിൽക്ക് എന്ന സ്ഥാപനത്തെ വാതക ശ്മശാന നിർമ്മാണം, വാതക ശ്മശാന ഫർണസ് സ്ഥാപിക്കൽ എന്നിവയിലേയ്ക്കായി അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ടെന്ന് അസി. എഞ്ചിനീയർ 18-10-2020 ൽ 119/AE/LSGD/VP/2019 നമ്പരായ കത്തിലൂടെ ഗ്രാമ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത സിൽക്കിനെതിരേ നിയമനടപടികൾ സ്വീകരിക്കേണ്ടതും, ഫണ്ടുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 MGNREGS 2020-21 മൺകയ്യാല നിർമ്മാണം - അധികനിരക്കിൽ തുക അനുവദിച്ചത് നിരാകരിക്കുന്നു

MGNREGS 2020-21 മൺകയ്യാല നിർമ്മാണം

| ക്രമനം | പദ്ധതിയുടെ പേര് ടി. എസ്. നമ്പർ/തീയതി | എം ബുക്ക് നം | അടങ്കൽ തുക | ആകെ ചെലവ് തുക | അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് (M3) | *വേജസ് ഇനത്തിൽ അനുവദിച്ച തുക(എം.3 –ന് 174.399 രൂപ നിരക്കിൽ) | അനുവദനീയമായ തുക (എം.3 –ന് 169.054 രൂപ നിരക്കിൽ) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|---|---|
| 1 | അമ്പലപ്പുറംഭാഗം ഖണ്ഡിക 5ൽ പെട്ടവർക്ക് മൺകയ്യാല നിർമ്മാണം (WC397150) 1613009006/2020-21 /221509/TS, 24.07.2020 | 215/20-21 | 192600 | 160500 | 878.26 | 152775 | 148473 | 4302 |
| 2 | മനക്കര ഭാഗം ഖണ്ഡിക 5 ൽപെട്ടവർക്ക് മൺകയ്യാല നിർമ്മാണം(WC397166) 1613009006/2020-21 /219641/TS, 24.07.2021 | 219/20-21 | 177200 | 146700 | 801.36 | 139389 | 135473 | 3916 |

Detailed Estimate പ്രകാരം ക്യൂബിക് മീറ്ററിന് 204.374/-രൂപയാണ് നിശ്ചയിച്ചത്. ഡേറ്റ പ്രകാരമുള്ള Bhisti, Hire Charges For Diesel Road Roller, Chowkidar, Diesel Oil, Solvent, Sundries എന്നീ ഇനങ്ങൾ മൺകയ്യാല നിർമ്മാണത്തിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ M3 ന് 35.32/- കുറയ്ക്കേണ്ടതിന് പകരം 29.975/- രൂപ മാത്രമാണ് കുറവ് വരുത്തിയത്. M3 ന് 169.054/- രൂപയാണ് അനുവദനീയം.ഇതുസംബന്ധമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, ജോലിത്തിരക്കുകൾക്കിടയിൽ സംഭവിച്ച അപാകമാണെന്നും അധികതുക നല്കിയതിൽ സാ മ്പത്തിക ക്രമക്കേട് ഉണ്ടായിട്ടില്ലെന്നും അടങ്കൽതുകയ്ക്കുള്ളിൽ നിന്നാണ് ചെലവ് ചെയ്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികനിരക്കിൽ തുക അനുവദിച്ച് നല്കിയ സാഹചര്യത്തിൽ ഹാജരാക്കിയ മറുപടി അംഗീകരിക്കാൻ കഴിയില്ല. മേൽപ്രവൃത്തികളിൽ ആകെ 8218/-രൂപ നഷ്ടമായിട്ടുണ്ട്. അധികമായി ചെലവഴിച്ച തുക നിരാകരിക്കുന്നു. ക്രമവിരുദ്ധമായി അന്തിമബിൽ അംഗീകരിച്ച് നല്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.
ആകെ അധികം നല്കിയ തുക – 8218/-രൂപ
ഓഡിറ്റ് അന്വേഷണം -05/20-21;09.09.2021
* മസ്റ്റർ റോൾ പ്രകാരം അന്തിമമാക്കി നല്കിയ തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3-2 ഉദ്ഘാടനച്ചടങ്ങിന് തുക അധികം ചെലവഴിച്ചു-6,470/- രൂപ നിരാകരിക്കുന്നു.

വിളക്കുടി കൃഷി ഭവന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട ചടങ്ങിനായി ചുവടെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവഴിച്ച തുക | ചെക്ക് നം./തീയതി |
|---|---|---|
| പന്തൽ, കസേര | 6,750/- | 24872/22.7.2020 |
| ഫോട്ടോ | 5,000/- | 24873/22.7.2020 |
| ഭക്ഷണം | 4,720/- | 25050/23.7.2020 |

ജി.ഒ(ആർ.ടി)3866/2015 തസ്വഭവ തീയതി. 28.12.2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25,000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടന ചടങ്ങിന് പരമാവധി 10,000/- രൂപയും തനതുഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉദ്ഘാടനത്തിന്റെ നോട്ടീസ് ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ഉദ്ഘാടനം നിർവ്വഹിച്ചത് ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ ആണ്. കൂടാതെ ചെലവഴിച്ച തുകയിൽ 6,750/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കേണ്ടതും സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവഴിച്ച 6,470/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/13.09.2021

നിരാകരിച്ച തുക – 6,470/- രൂപ

3-3 തെരുവ് വിളക്ക് പരിപാലനം നിർവ്വഹണത്തിലെ അപാകതകൾ 19330 രൂപാ നിരാകരിക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | അടങ്കൽ തുക | ചെലവ് |
|---|---|---|---|
| 1 | തെരുവ് വിളക്ക് വാങ്ങൽ (8/20-21) | 15,60,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 15,60,000/- രൂപ |
| 2 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധനം വാങ്ങൽ(12/20-21) | 4,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>83,740/- (തനത് ഫണ്ട്)<br>ആകെ - 4,83,740/- രൂപ | 4,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>82790 (തനത് ഫണ്ട്)<br>ആകെ-4,82,790/- |
| 3 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് വേതനം നല്കൽ (14/20-21) | 40,000/- (തനത് ഫണ്ട്) | 25,938/- രൂപ |
| 4 | തെരുവ് വിളക്ക് വാങ്ങൽ (237/20-21) | 11,55,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 11,55,000/- രൂപ |
| 5 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി അടാട്ട് മോഡൽ (412/20-21) | 3,00,000/- (തനത് ഫണ്ട്) | 2,09,000/- രൂപ |

ടി പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാണപ്പെട്ടിട്ടുള്ള അപാകതകൾ താഴെക്കൊടുക്കുന്നു.

1) തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് വേതനം നല്കൽ (14/20-21) എന്ന പ്രോജക്ടിനായി ടെണ്ടർക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. രഞ്ജു.ടി. എസ്, രഞ്ജു നിവാസ്, ഇളവക്കോട്, ചടയമംഗലം എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചു, (നിരക്ക്- എൽ ഇ ഡി ബൾബ് മെയിൻറൻസ്-95 രൂപ, ട്യൂബ് മെയിൻറൻസ്-98 രൂപ). 2020-21 സാമ്പത്തിക വർഷം മുഴുവൻ ഇതേ നിരക്കിൽ ചെയ്തുകൊള്ളാമെന്ന് ടിയാൻ സമ്മതിച്ചിട്ടുള്ളതാണ്. അടാട്ട് മാതൃകയിലാണ് നിർവ്വഹണം നടത്തിവരുന്നത്. ടി പ്രോജക്ട് പ്രകാരം ടിയാന് 25,938/- രൂപ നല്കുകയും ചെയ്തു. തുടർന്ന് തെരുവ് വിളക്ക് അറ്റകുറ്റപ്പണി അടാട്ട് മോഡൽ (412/20-21) എന്ന പ്രോജക്ടിനായി ടെണ്ടർക്ഷണിക്കുകയും ഇതേ പ്രവൃത്തി ചെയ്യുന്നതിന് ഇതേവ്യക്തി തന്നെ നല്കിയിട്ടുള്ള ടെണ്ടർ (നിരക്ക്- എൽ ഇ ഡി ബൾബ്, ട്യൂബ് മെയിൻറൻസ്-100 രൂപ) അംഗീകരിക്കുകയും ചെയ്തു. 2020-21 സാമ്പത്തിക വർഷത്തിൽ ഇതേ പ്രവൃത്തി ചെയ്യുന്നതിനായി സംവിധാനം നിലവിലിരിക്കേ വീണ്ടും ടെണ്ടർ ചെയ്ത് ഉയർന്ന നിരക്ക് ഇതേ വ്യക്തിക്ക് തന്നെ അനുവദിച്ചത് അംഗീകരിക്കുന്നില്ല ഇതുമൂലം പ്രോജക്ട് നമ്പർ 412/20-21 പ്രകാരം ചെലവ് ചെയ്ത തുകയിൽ താഴെക്കൊടുത്തിരിക്കും പ്രകാരം സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചു.

| മെയിൻറൻസ് | ചെലവഴിച്ച തുക | ചെലവഴിക്കേണ്ടിയിരുന്ന | അധികം | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|

| നടത്തിയ ഉപകരണങ്ങളുടെ എണ്ണം | | തുക | ചെലവഴിച്ച തുക | |
|---|---|---|---|---|
| എൽ ഇ ഡി ബൾബ് 1995 | 1995x100=1,99,500 | 1995x95=1,89,525 | 9975 | 025829, 09-11-2020 പ്രകാരം 3805/-രൂപ, 25836, 11-11-20 പ്രകാരം 3,460/-രൂപ, 28197, 04-02-2021 പ്രകാരം 2,040/-രൂപ, 28668, 25-02-21 പ്രകാരം 860/- രൂപ, ആകെ 10,165/- രൂപ അധികം നല്കി |
| ട്യൂബ് 95 | 95x100=9,500 | 95x98=9,310 | 190 | |
| ആകെ | 2,09,000/- | 1,98,835/- | 10,165/- | |

മതിയായ കാരണമില്ലാതെ അധികം ചെലവഴിച്ച 10,165/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

2) തെരുവ് വിളക്ക് അറ്റകുറ്റപ്പണി അടാട്ട് മോഡൽ (412/20-21)

അടങ്കൽ തുക - 3,00,000/- രൂപ (തനത് ഫണ്ട്)

ചെലവ് - 2,09,000/- രൂപ

അടാട്ട് മോഡൽ പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്ന ഗ്രാമ പഞ്ചായത്തിൽ ടി പ്രോജക്ട് പ്രകാരം അറ്റകുറ്റപ്പണി നടത്തി മാറ്റി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ, ബന്ധപ്പെട്ട വാർഡ് ജന പ്രതിനിധികൾ സാക്ഷ്യപ്പെടുത്തിയ പട്ടിക പരിശോധിച്ചതിൽ താഴെക്കൊടുത്തിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളിൽ 2 വർഷം വാറൻറിയോടെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എൽ ഇ ഡി ബൾബ് സ്ഥാപിച്ച പോസ്റ്റുകളും ഉൾപ്പെടുന്നു. വിശദവിവരം താഴെക്കൊടുക്കുന്നു.

| വാർഡ് നമ്പർ/ | എണ്ണം | പോസ്റ്റിൻറെ നമ്പർ | ഇതിനായി ചെലവഴിച്ച, തുക | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| 1 | 2 | VKSl34, VNJK3 | ജോലിക്കൂലി 2x100=200<br>എൽ ഇ ഡി ബൾബിന്റെ വില 2x135=270 | ചെക്ക് നം 25829, തീ 09-11-20 പ്രകാരം ചെലവഴിച്ചു |
| 2 | 8 | VKRS10/3, VKN6/7, VKRS10/4, VKPZ45, VKPZ49, VKPZ50, VKPZ47, VKPZ51 | ജോലിക്കൂലി 8x100=800<br>എൽ ഇ ഡി ബൾബിന്റെ വില 8x135=1080 | ചെക്ക് നം 25829 തീ 09-11-2020 പ്രകാരം ചെലവഴിച്ചു |
| 4 | 2 | VVPM42, VVPM37 | ജോലിക്കൂലി 2x100=200<br>എൽ ഇ ഡി ബൾബിന്റെ വില 2x135=270 | ചെക്ക് നം 25829, തീ 09-11-20 പ്രകാരം ചെലവഴിച്ചു |
| 5 | 2 | VKKP74, VKKP71 | ജോലിക്കൂലി 2x100=200<br>എൽ ഇ ഡി ബൾബിന്റെ വില | ചെക്ക് നം 25829, തീ 09-11-20 പ്രകാരം ചെലവഴിച്ചു |

| | | | | |
|---|---|---|---|---|
| | | | 2x135=270 | |
| 7 | 3 | GH112, GH113, GH104 | ജോലിക്കൂലി 3x100=300<br>എൽ ഇ ഡി ബൾബിന്റെ വില 3x135=405 | ചെക്ക് നം 25829, തീ 09-11-20 പ്രകാരം ചെലവഴിച്ചു |
| 8 | 7 | PVK24, PPM57, PVK1, PPM58,<br>PPM56, GH26, PPM69 | ജോലിക്കൂലി 7x100=700<br>എൽ ഇ ഡി ബൾബിന്റെ വില 7x135=945 | ചെക്ക് നം 25836, തീ 11-11-20 പ്രകാരം ചെലവഴിച്ചു |
| 9 | 4 | PTC14, KDKY46, MRG110, PTL42 | ജോലിക്കൂലി 4x100=400<br>എൽ ഇ ഡി ബൾബിന്റെ വില 4x135=540 | ചെക്ക് നം 25829 തീ 09-11-2020 പ്രകാരം ചെലവഴിച്ചു |
| 13 | 1 | VEN52 | ജോലിക്കൂലി 1x100=100<br>എൽ ഇ ഡി ബൾബിന്റെ വില 1x135=135 | ചെക്ക് നം 28668 തീ 25-02-2021 പ്രകാരം ചെലവഴിച്ചു |
| 14 | 4 | VKK8, VKK48, VKK51, VKK22, | ജോലിക്കൂലി 4x100=400<br>എൽ ഇ ഡി ബൾബിന്റെ വില 4x135=540 | ചെക്ക് നം 28197 തീ 04-02-21 പ്രകാരം ചെലവഴിച്ചു |
| 16 | 6 | VSK23, VSK22, VSK28, VSK29,<br>VPVT21/6/1, VPT21/4 | ജോലിക്കൂലി 6x100=600<br>എൽ ഇ ഡി ബൾബിന്റെ വില 6x135=810 | ചെക്ക് നം 28668 തീ 25-02-2021 പ്രകാരം ചെലവഴിച്ചു |
| | | ചെലവഴിച്ച ആകെ തുക | 9,165/- രൂപ | |

ടി പോസ്റ്റുകളിൽ ഇതേ കാലയളവിൽ മെയിൻറനൻസ്, മാറ്റിസ്ഥാപിക്കൽ എന്നിവ നടത്തേണ്ടത് യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനമാണ്. ഇതിനായി ജീവനക്കാർക്ക് നല്കിയ വേതനം, മാറ്റി സ്ഥാപിച്ച ഉപകരണത്തിൻറെ വില എന്നീ ഇനത്തിൽ ചെലവഴിച്ച 9,165/- രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് 10-09-2021 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6) മറുപടി ലഭ്യമാക്കിയില്ല.

നിരാകരിച്ച തുക – 10165 + 9165 = 19,330/- രൂപ

ഓഡിറ്റ് അന്വേഷണം നം. - 06/10-09-2021

## 3-4 കാലിബാരൽ വില ഈടാക്കിയിട്ടില്ല, 12083/- രൂപയുടെ നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ അന്തിമബിൽ നല്കിയിട്ടുള്ള താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിൻറെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു;

| ക്രമ | പ്രവൃത്തി വിവരം | ഉപയോഗിച്ച | ബാരലുകളുടെ | ഈടാക്കേണ്ട വില |
|---|---|---|---|---|

| നം | | ബിറ്റുമിൻ/ഇമൽഷൻ (കി.ഗ്രാം.) | എണ്ണം | (238+18% ജി.എസ്.ടി.) |
|---|---|---|---|---|
| 1 | പ്രവൃത്തി-മീന്തലോട് കടശ്ശേരി റോഡ് റീ ടാറിംഗ് (So 250/21)<br>അടങ്കൽ തുക - 4,50,000/- സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ - ശ്രീ. എച്ച് സോമൻ പ്രണവം വിളക്കുടി<br>കരാർ-48/AE/LSGD /VP/19-20, 27-11-2019<br>ചെലവ് - 4,49,030/-<br>ബിൽ നം. 16, 16-04-2020 | ബിറ്റുമിൻ-3281<br>ഇമൽഷൻ-303 | 22 | 6,182/- |
| 2 | പ്രവൃത്തി-ഇളമ്പൽ ചീയോട് റോഡ് റീ ടാറിംഗ് വാർഡ് 13 (So 249/21)<br>അടങ്കൽ തുക-100000 (സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ - ശ്രീ. എച്ച് സോമൻ പ്രണവം വിളക്കുടി<br>കരാർ - 47/AE/LSGD /VP/19-20, 27-11-2019<br>ചെലവ് - 99,847/-<br>ബിൽ നം. 17, 16-04-2020 | ബിറ്റുമിൻ-557<br>ഇമൽഷൻ-54 | 4 | 1,124/- |
| 3 | പ്രവൃത്തി-ഇളമ്പൽ ചീയോട് റോഡ് റീ ടാറിംഗ് വാർഡ് 14 (So 319/21)<br>അടങ്കൽ തുക - 4,20,000/- (സംരക്ഷണ ഗ്രാൻറ്, റോഡ്)<br>കരാറുകാരൻ-ശ്രീ. സുധീർ സുകുമാരൻ, പത്മാലയം, പത്തനംതിട്ട<br>കരാർ-72/AE/LSGD /VP/19-20, 04-02-2020<br>ചെലവ് - 3,96,928/-<br>ബിൽ നം. 43, 09-07-2020 | ബിറ്റുമിൻ-2459<br>ഇമൽഷൻ-384 | 17 | 4,777/- |
| | | ആകെ | | 12,083/- |

കാലി ബാരൽ വില ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 12,083 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 14-09-21 ൽ നല്കിയ ഓഡിറ്റ് അന്വേഷണംത്തിന് (നം. 16) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരണം - 12,083/- രൂപ

ഓഡിറ്റ് അന്വേഷണം - 16/14-09-2021

3-5 റിക്കവറി തുക സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല - അധികം പിൻവലിച്ച 3500/- രൂപ നിരാകരിക്കുന്നു.

പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വിവിധ സ്ഥാപനങ്ങളിലേക്ക് ഒടുക്കേണ്ട റിക്കവറി നടത്തിയ തുക ഡി.ഡി എടുക്കുന്നതിനായി പിൻവലിക്കുന്നുണ്ടെങ്കിലും ആയത് സ്ഥാപനത്തിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| മാസം | ജീവനക്കാരന്റെ പേര് | പിൻവലിച്ച തുക | ചെക്ക് നം./തീയതി | ഒടുക്കേണ്ട സ്ഥാപനം |
|---|---|---|---|---|
| 3/2020 | ശ്രീ.ജോയി | 3,500/- | 2936336/3.4.2020 | കൊല്ലം ജില്ലാ സഹകരണബാങ്ക്, കുന്നിക്കോട് |
| | | 6,000/- | 2936336/3.4.2020 | കെ.എസ്.എഫ്.ഇ, കുന്നിക്കോട് |
| | ശ്രീ. സന്തോഷ് കുമാർ | 2,500/- | 2936338/3.4.2020 | കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| | ശ്രീ. സാംകുട്ടി | 3,500/- | 24495/17.4.2020 | കെ.എസ്.എഫ്.ഇ.പത്തനാപുരം |
| 4/2020 | ശ്രീ. ജോയി | 3,500/- | 2936345/21.5.2020 | കൊല്ലം ജില്ലാ സഹകരണബാങ്ക്, കുന്നിക്കോട് |
| | | 6,000/- | 2936344/21.5.2020 | കെ.എസ്.എഫ്.ഇ, കുന്നിക്കോട് |
| | ശ്രീ. സന്തോഷ് കുമാർ | 2,500/- | 2936346/21.5.2020 | കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| 6/2020 | ശ്രീ. ജോയി | 3,500/- | 024826/2.7.2020 | കൊല്ലം ജില്ലാ സഹകരണബാങ്ക്, കുന്നിക്കോട് |
| | | 6,000/- | 024826/2.7.2020 | കെ.എസ്.എഫ്.ഇ, കുന്നിക്കോട് |
| | ശ്രീ. സന്തോഷ് കുമാർ | 2,500/- | 024826/2.7.2020 | കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |

തുക സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ശ്രീ. സാംകുട്ടി, അക്കൗണ്ടന്റിന്റെ ജനുവരി 2020 ലെ കെ.എസ്.എഫ്.ഇ റിക്കവറി ഇൻസ്റ്റാൾമെന്റ് തുകയായ 3,500/- രൂപയുടെ ചെക്ക് (ചെക്ക് നം. 2926963/5.2.2020) ക്രഡിറ്റാകാതെ വന്നതുമൂലം പകരം തുക നൽകുന്നതിനായി 24495/17.4.2020 പ്രകാരം 3,500/- പിൻവലിച്ചു. എന്നാൽ ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധിച്ചതിൽ 2926963-ാം നം. ചെക്ക് പണമാക്കി മാറ്റിയിട്ടുണ്ട്. ഒരേ ആവശ്യത്തിനായി രണ്ടുതവണ തുക പിൻവലിക്കാനുള്ള സാഹചര്യം വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനതു ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നം. 19/14.9.2021

നിരാകരിച്ച തുക – 3,500/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 9.9.2021 | KSA KLM P9/1249/21, 18/06/2022 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 74368 | സമഗ്ര നെൽക്കൃഷി വികസനം | 77350 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 315950 | കടശ്ശേരി മഞ്ഞമൺകാല പകൽപരിപാലന കേന്ദ്രം കുന്നിക്കോട് വയോജന സാംസ്കാരിക കേന്ദ്രം എന്നിവിടങ്ങളിൽ ഫർണ്ണിച്ചറും ഉപകരണങ്ങളും | 315950 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 431309 | കീരുവഴി-മുട്ടാശ്ശേരി റോഡ് കോൺക്രീറ്റ് | 431309 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ഗാന്ധിനഗർ വാഴവിള റോഡ് കോൺക്രീറ്റ് | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ഞാറവിള ഭാഗം റോഡ് കോൺക്രീറ്റ് | 195232 | 4768 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 252860 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 102604 | 150256 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 201200051<br>201200068<br>201200069<br>201200070<br>201200071<br>201200087<br>201200103 | 599064 | - | 599064 |
| കേരള വാട്ടർ അതോറിറ്റി | 19-ാം വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ എസ്റ്റൻഷന് തുക അനുവദിക്കൽ | 20100094 | 198500 | | 198500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷം വരവില്ല. വാർഷിക കണക്കുപ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 25954783/- രൂപയാണ്. എന്നാൽ വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള 29015118/- രൂപയിൽ 2282275/- രൂപ മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത് (പ്രോജക്ടുകൾ പ്രകാരം). ശേഷിക്കുന്ന തുക 26732843/- രൂപയാണ്. എന്നാൽ AFS ൽ ഉൾപ്പെട്ടിട്ടുള്ളതുക 25954783/- രൂപയാണ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമല്ല | - | 29015118 | 2282275 | | 26732843 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

വാർഷികധനകാര്യപത്രിക പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിൽ 1000/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3-11-5 | കൺവീനർമാർക്ക് നൽകിയ മുൻകൂർ ക്രമപ്പെടുത്തിയില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8,218/- | ശ്രീ. ജവാസ്, അക്രഡിറ്റഡ് എൻജിനീയർ |
| 3-2 | | 6,470/- | ശ്രീ. ജോയി മോഹൻ, സെക്രട്ടറി |
| 3-3 | | 19,330/- | ശ്രീ. ജോയി മോഹൻ, സെക്രട്ടറി |
| 3-4 | | 12,083/- | ശ്രീ. അരുൺ സേവ്യർ, അസി. എഞ്ചിനീയർ |
| 3-5 | | 3,500/- | ശ്രീ. രാജ്കുമാർ, സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | - | 49,601/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 7,725/- | ശ്രീ. ജോയി മോഹൻ, സെക്രട്ടറി |
| 1-26 | 31,750/- | ശ്രീ. അഭയൻ, അസി. സെക്രട്ടറി |
| 1-28 | 3,00,000/- | ശ്രീമതി. സെറീന അബ്ദുൾ അസീസ്, സെക്രട്ടറി |
| 1-31 | 9,47,564/- | ശ്രീ. ജോയി മോഹൻ, സെക്രട്ടറി |
| 1-32 | 9,600/- | ശ്രീ. രാജ് കുമാർ, സെക്രട്ടറി |
| 1-33 | 1,56,000/- | ശ്രീ. അരുൺ സേവ്യർ, അസി. എഞ്ചിനീയർ |
| ആകെ | 14,52,639/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ 1.7.1 – 22,200/- രൂപ

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോയി മോഹൻ,സെക്രട്ടറി | സെക്രട്ടറി, ശൂരനാട് ഗ്രാമപഞ്ചായത്ത് | ബഥേൽ ഹൗസ്, തിരുമുല്ലവാരം |
| ശ്രീ. അഭയൻ, അസി.സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, പേരയം ഗ്രാമപഞ്ചായത്ത് | തൈവിളയിൽ റോസറി, മതിലിൽ.പി.ഒ, കൊല്ലം |
| ശ്രീമതി. സെറീന അബ്ദുൾ അസീസ്, സെക്രട്ടറി | സെക്രട്ടറി, മാത്തൂർ ഗ്രാമപഞ്ചായത്ത് | അഭ്നിയ മൻസിൽ, അതിരമ്പുഴ.പി.ഒ, കോട്ടയം |
| ശ്രീ, രാജ് കുമാർ, സെക്രട്ടറി | വിരമിച്ചു | തേമ്പ്രഹൗസ്, പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര |
| ശ്രീ. അരുൺ സേവ്യർ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, വിളക്കുടി ഗ്രാമ പഞ്ചായത്ത് | വേളാങ്കണ്ണിമാതാ, മുതാക്കര, കൊല്ലം |
| ശ്രീ. ജവാസ്, അക്രഡിറ്റഡ് എൻജിനീയർ | - | ജവാസ് മൻസിൽ, നടുക്കുന്ന് പി.ഒ, പത്തനാപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(3) തീയതി-28.04.18 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(4) തീയതി-28.04.18 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(6) തീയതി-28.04.18 | 10 |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(7) തീയതി-28.04.18 | 4 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(8) തീയതി-28.04.18 | 6 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(9) തീയതി-28.04.18 | 5 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(10) തീയതി-28.04.18 | 12 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 1 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019) തീയതി-31.5.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 4 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019(10) തീയതി-31.5.19 | 4 |
| 2011-12<br>2012-13 | എൽ. എഫ്.ക്യൂ.പി.7/420/14 തീയതി- 05.04.2014 | എല്ലാ ഖണ്ഡികകളും |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/784/2016/തീയതി-07-06-2016 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/1844/2016 തീയതി-23.03.2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി9/1916/2017 തീയതി-12.12.17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി9/368/2019 തീയതി-22.4.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി9/1523/2019 തീയതി-05.12.2019 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്